LIBRARY ARCHIVES Kerala Legislative Assembly

വിപണിയിൽ ഇറക്കുന്ന "ലെനക്" കമ്പനിയുമായി ഒത്തുചേർന്ന് സാമ്പത്തിക നേട്ടത്തിനുവേണ്ടി അനാവശ്യമായി മരുന്നുകൾ എഴുതുന്നതായും പ്രൊപ്പൊഗാന്റ മെഡിസിൻ നിർദ്ദേശിക്കുന്നതായും വ്യാപകമായി പരാതി ഉയർന്നിരുന്നു. ടി ഡോക്ടർ ഇപ്പോൾ സസ്പെൻഷനിലാണ്. ടി ഡോക്ടർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരികയാണ്.

ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുവാൻ മരുന്നുകൾ കുറിച്ചു നല്കുമ്പോൾ ജനറിക് പേരുകൾ മാത്രം കുറിച്ചു നല്കണമെന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ കൊപ്പം സി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനായ ഡോ. പി. ഉബൈദുള്ള, അദ്ദേഹത്തിന്റെ ഭാര്യയും തിരുവേഗപ്പുറം പി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനുമായ ഡോ. ആശ ജലാൽ എന്നിവർക്കെതിരെ അവർ താമസിക്കുന്ന വസതിയിൽ മരുന്നുകൾ വാങ്ങി സൂക്ഷിച്ചതിനും അവിടെ എത്തുന്ന രോഗികൾക്ക് മരുന്നു നൽകി വില ഈടാക്കിയതിനും നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാരനെ രോഗികൾക്ക് മരുന്ന് നൽകുന്നതിന് നിയോഗിച്ചതിനും ഡ്രഗ്സ് കൺട്രോൾ നിയമങ്ങൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധനായ ഡോ. എ. രോഹൻ ത്വക്ക് രോഗ വിദഗ്ധയായ ഭാര്യ ഡോ. ലളിക രോഹന്റെ പേരിൽ കണ്ണടക്കടയും ലൈസൻസില്ലാതെ മെഡിക്കൽ സ്റ്റോറും നടത്തുന്നത് കണ്ടെത്തുകയുണ്ടായി. ഇപ്രകാരം കണ്ണടക്കടയും മെഡിക്കൽ സ്റ്റോറും നടത്തുന്നത് ഒഴിവാക്കാൻ ഡോ. രോഹന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(എഫ്) ആരോഗ്യ വകുപ്പ്തലത്തിൽ ഇത്തരം പരാതികൾ ലഭിച്ചാൽ ആരോഗ്യ വകുപ്പിന്റെ സംസ്ഥാന വിജിലൻസ് വിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും അന്വേഷണം നടത്തുകയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ

77 (2628) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കാരണം രോഗബാധയുണ്ടാകുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറി, മാംസം എന്നിവ പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശവും പലതരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പച്ചക്കറികളിലുള്ള കീടനാശിനികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ കടകമ്പോളങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാംസം പരിശോധിക്കുന്നതിനുള്ള സംവിധാനം ഭക്ഷ്യസുരക്ഷാ ലാബുകളിലില്ല.

ആശ്രിതനിയമന പദ്ധതിപ്രകാരം രാഗേഷ് സി. ആർ സമർപ്പിച്ച അപേക്ഷ

78 (2629) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് രാഗേഷ് സി.ആർ. സമർപ്പിച്ച അപേക്ഷയിന്മേൽ, G.O(MS) No.251/2013/H&FWD പ്രകാരം തൃശ്ശൂർ ജില്ലയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവോ ;

(ബി) ഇതുവരെയും രാഗേഷിന് നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇദ്ദേഹത്തിന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇദ്ദേഹത്തിന് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly